പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2073 23.03.2012 ൽ മറുപടിയ്ക്ക്

## വൈദ്യുതി അടയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി സ്വീകരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (എ) സെക്ഷൻ ഓഫീസുകളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 8.00 മണിമുതൽ വൈകുന്നേരം 6.00 മണി വരെ വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ എന്നിവ വഴിയും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നുണ്ട്. ഇതിനു പുറമേ വൈദ്യുതി ചാർജ് ചെക്കായും (തപാൽ വഴിയും/നേരിട്ടും) മണി ഓർഡറായും സ്വീകരിക്കുന്നുണ്ട്. വൈദ്യുതി ചാർജ്ജ് മുൻകൂറായി ഡിസ്കൗണ്ടോടു കൂടെ അടയ്ക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. വിദൂര സ്ഥലങ്ങളിലുള്ള ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ചില സെക്ഷൻ ഓഫീസുകളുടെ കീഴിൽ കളക്ഷൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ കുറവുള്ള പഞ്ചായത്തുകളിലും ദൂരപരിധി ഏറിയ മേഖലകളിലും വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിന് ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) വൈദ്യുതി ബോർഡിന്റെ വിതരണ വിഭാഗത്തിന്റെ ഒരു ഓഫീസെങ്കിലും ഇപ്പോൾ നിലവിലില്ലാത്ത എല്ലാ പഞ്ചായത്തുകളിലും വിതരണ വിഭാഗത്തിന്റെ കളക്ഷൻ എടുക്കുന്നതിനുള്ള സൗകര്യത്തോടുകൂടിയ ഒരു ഓഫീസ് ഘട്ടം ഘട്ടമായി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ